# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2274 | 09.03.2018-ന് മറുപടിയ്ക്ക്

## സ്റ്റാർട്ട് അപ് സംരംഭങ്ങൾ തുടങ്ങാൻ സഹായം

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :**<br>**ശ്രീ. പി.കെ. അബ്ദു റബ്ബ് :**<br>**ശ്രീ. എൻ.എ. നെല്ലിക്കുന്ന് :**<br>**ശ്രീ. പി. ഉബൈദുള്ള :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രൊഫഷണൽ യോഗ്യതയുള്ള പിന്നോക്ക, മതന്യൂനപക്ഷത്തിൽപ്പെട്ട വർക്കായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പിന്നോക്ക, മതന്യൂനപക്ഷത്തിൽപ്പെട്ട വർക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഏതെല്ലാം യോഗ്യതയുള്ള വർക്കാണ് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ? | (ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

കേരളത്തിലെ മറ്റു പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തരിക വിദ്യാഭ്യാസ ഉന്നമനം എന്ന ലക്ഷ്യവുമായാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995-ൽ സ്ഥാപിതമായത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നത്. വായ്പാ പദ്ധതികൾക്ക് പുറമേ സംരംഭകത്വ പരിശീലനം, തൊഴിലധിഷ്ഠിത പലിശീലനം, വിപണ നമേളകൾ എന്നിവയും കോർപ്പറേഷൻ നടത്തി വരുന്നു. 1995 മുതൽ 25.02.2018 വരെ 4.65 ലക്ഷം കുടുംബങ്ങൾക്കായി 2750 കോടിയോളം രൂപ വായ്പാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി.) വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC)യും മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടി യുള്ള പദ്ധതികൾ ദേശീയ ന്യൂന പക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) യും ധനസഹായമുപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

## സ്റ്റാർട്ട്അപ് വായ്പാ പദ്ധതി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി/മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണ് സ്റ്റാർട്ട് അപ് വായ്പ.

പദ്ധതി പ്രകാരം പരമാവധി 30 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നതാണ്. ഗ്രാമപ്രദേശത്ത് 98,000/- രൂപവരെയും നഗരപ്രദേശത്ത് 1,20,000/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 20 ലക്ഷം രൂപവരെ 7% പലിശ നിരക്കിലും വായ്പ ലഭിക്കും. ഇതേ വരുമാന പരിധിയിലുൾപ്പെട്ട മതന്യൂനപക്ഷ വിഭാഗം പ്രൊഫഷണലുകൾക്ക് 20 ലക്ഷം രൂപവരെ 6% പലിശ നിരക്കിൽ അനുവദിക്കും. ഈ വരുമാന പരിധിയ്ക്ക് മുകളിൽ 6 ലക്ഷം വരെ കുടുംബ വാർഷിക വരുമാനമുള്ള മതന്യൂനപക്ഷ വിഭാഗം പ്രൊഫഷണലുകൾക്ക് 30 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നതിനും പദ്ധതിയുണ്ട്. തിരിച്ചടവ് കാലയളവ് 84 മാസം വരെ. അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ടവരും പ്രൊഫഷണൽ

കോഴ്സുകൾ (എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എസ്.എം.എസ്., ബി.ടെക്, ബി.എച്ച്.എം.എസ്., ബിആർക്ക്, വെറ്റിനറി സയൻസ്, ബി.എസ്.സി. അഗ്രി കൾച്ചർ, ബി.ഫാം, ബയോടെക്നോളജി, ബി.സി.എ., എൽ.എൽ.ബി., ഫുഡ് ടെക്നോള ജി, ഫൈൻ ആർട്ട്സ്, ഡയറി സയൻസ്, ഫിസിക്കൽ എഡ്യുക്കേഷൻ, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല.

ഈ പദ്ധതി പ്രകാരം മെഡിക്കൽ / ആയുർവേദ / ഹോമിയോ / സിദ്ധ / ദന്തൽ ക്ളിനിക്ക്, വെറ്റിനറി ക്ളിനിക്ക്, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ആർക്കിടെ ക്ച്ചറൽ കൺസട്ടൻസി, ഫാർമസി, സോഫ്റ്റ് വെയർ ഡവലപ്മെന്റ്, ഡയറി ഫാം, അക്വാകൾച്ചർ, ഫിറ്റ്നെസ്സ് സെന്റർ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ഓർക്കിഡ് ഫാം, ടിഷ്യു കൾച്ചർ ഫാം, വീഡിയോ പ്രോഡക്ഷൻ യൂണിറ്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കും. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം.

## ഒ.ബി.സി. വിഭാഗത്തിനുവേണ്ടിയുള്ള വായ്പാ പദ്ധതി

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്നതാണ്. പരമാവധി വായ്പ തുക 20 ലക്ഷം രൂപയാണ്. ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 40 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാ ണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബ ന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| സ്റ്റാർട്ട്അപ് വായ്പാ പദ്ധതി | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷത്തിനുമുകളിൽ 7% | 2 ലക്ഷം രൂപ വരെ 60 മാസം<br>2 മുതൽ 5 ലക്ഷം വരെ 72 മാസം<br>5 ലക്ഷത്തിനുമുകളിൽ 84 മാസം |

## മത ന്യൂനപക്ഷ വിഭാഗങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ

മത ന്യൂനപക്ഷ വിഭാഗത്തിനുവേണ്ടി 2 സ്റ്റാർട്ട്അപ് വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

**പദ്ധതി - 1**

വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കുന്ന

താണ്. ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ള 18 നും 40 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് വായ്പ നൽകുന്നത്. പരമാവധി വായ്പ തുക 20 ലക്ഷം രൂപയാണ്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്.

**പദ്ധതി - 2**

ഗ്രാമ നഗര ഭേദമില്ലാതെ 6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. സ്ത്രീകൾക്ക് 6% പലിശ നിരക്കിലും പുരുഷൻമാർക്ക് 8% പലിശ നിരക്കിലുമാണ് വായ്പ അനുവദിക്കുന്നത്. മറ്റ് വ്യവസ്ഥകൾ പദ്ധതി - 1 ന് സമാനമാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|
| പദ്ധതി - 1 (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% | 60 മാസം |
| പദ്ധതി - 2 6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് | 30 ലക്ഷം രൂപ | സ്ത്രീകൾ-6% പുരുഷൻമാർ-8% | 60 മാസം |

## പദ്ധതി പ്രകാരമുള്ള പ്രത്യേക ആനുകൂല്യങ്ങൾ

1) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. ടി തുക അപേക്ഷകന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയും മാത്രമാണ് തിരിച്ചടയ്ക്കേണ്ടി വരുന്നത്.

2) കെ.എസ്.ബി.സി.ഡി.സി. ഗ്രീൻ കാർഡ് ആനുകൂല്യം

കൃത്യമായി വായ്പ തിരിച്ചടക്കുന്നതനുവേണ്ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതിയാണ് ഗ്രീൻകാർഡ്. ഇതു പ്രകാരം മുടക്കമില്ലാതെ എല്ലാ ഗഡുക്കളും നിശ്ചിത തീയതിക്കുമുൻപു തന്നെ ഒടുക്കുന്ന വായ്പക്കാർക്ക് പലിശയിനത്തിൽ മൊത്തം തിരിച്ചടച്ച തുകയുടെ 5% ഇളവ് നൽകുന്നതാണ്.

## അപേക്ഷ സമർപ്പണം

പദ്ധതി പ്രയോജനപ്പെടുത്തി സ്റ്റാർട്ട്അപ്പ് സംരംഭം ആരംഭിക്കുന്നതിന് തത്പരരായ പ്രൊഫഷണലുകൾ www.ksbcdc.com എന്ന കോർപ്പറേഷൻ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന സംരംഭകർ കോർപ്പറേഷൻ സംഘടിപ്പിക്കുന്ന സംരംഭകത്വ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

സംരംഭകത്വ സെമിനാറിൽ പങ്കെടുക്കുന്ന പ്രൊഫഷണലുകൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. ടി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ജില്ലാ / ഉപ ജില്ലാ ഓഫീസിൽ ഹാജരായി വായ്പാ അപേക്ഷാ ഫോറം കൈപ്പറ്റണം. ടി അപേക്ഷാ ഫോറം പൂരിപ്പിച്ച് ചുവടെ ചേർക്കുന്ന രേഖകൾ സഹിതം സമർപ്പിക്കണം.

1) റേഷൻ കാർഡിന്റെ പകർപ്പ്
2) ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3) ആധാർ കാർഡിന്റെ പകർപ്പ്
4) അപേക്ഷകന്റെ/കുടുംബാംഗങ്ങളുടെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്

5) അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എസ്.എസ്. എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് മുതലായവ)
6) ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്.
7) വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ എഫ് എസ് കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

ഇതിനു പുറമേ മലയാളത്തിലോ, ഇംഗ്ലീഷിലോ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാജരാക്കണം. താഴെ പറയുന്ന വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം.

1. സംരംഭകനെക്കുറിച്ചുള്ള വിവരങ്ങൾ (വിദ്യാഭ്യാസയോഗ്യത, സാങ്കേതിക യോഗ്യത, പ്രായോഗിക പരിചയം തുടങ്ങിയവ)
2. പദ്ധതിയുടെ വിശദാംശങ്ങൾ
3. പദ്ധതി തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത
4. പദ്ധതി ചെലവും ധനാഗമന മാർഗ്ഗങ്ങളും
5. പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ
6. പദ്ധതിക്കാവശ്യമായ പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ
7. വിപണി സാധ്യതകൾ
8. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ
9. പദ്ധതി നടത്തിയാൽ ലഭിക്കാവുന്ന ലാഭം കണക്കാക്കി ഇതു സംബന്ധിച്ച് പ്രതീക്ഷിക്കുന്ന 5 വർഷത്തെ ലാഭ നഷ്ടക്കണക്കും, ബാലൻസ് ഷീറ്റും.
10. 5 വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
11. പദ്ധതിയുടെ ലാഭക്ഷമത വിലയിരുത്തുന്നതിനുള്ള സൂചികകൾ - (BEP, Pay Back Period, DSCR, IRR മുതലായവ).

## പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം സമർപ്പക്കേണ്ട രേഖകൾ

പദ്ധതിയ്ക്ക് യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ/ഫർണിച്ചറുകൾ ആവശ്യമുള്ള പക്ഷം ആയത് വാങ്ങുന്നതിനായി GST രജിസ്ട്രേഷനുള്ള നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നുള്ള ഇൻവോയ്സ്/ ക്വട്ടേഷൻ.

പദ്ധതിയുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങളോ, ഇന്റീരിയർ ഫർണിഷിങ്ങോ ആവശ്യമുള്ളപക്ഷം ലൈസൻസ്ഡ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്.

നിർദ്ദിഷ്ഠ വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത ആവശ്യമുള്ള സംരംഭമാണെങ്കിൽ ബന്ധപ്പെട്ട യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

## ജാമ്യ വ്യവസ്ഥ

വായ്പ അനുവദിക്കുന്നതിന് കോർപ്പറേഷൻ ഉദ്യോഗസ്ഥജാമ്യം/വസ്തു ജാമ്യം/സ്ഥിര നിക്ഷേപം/എൽ.ഐ.സി. പോളിസി മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി ഇവയിൽ ഒന്നോ, ഒന്നിലധികമോ രേഖകൾ കൂട്ടിച്ചേർത്തോ ജാമ്യമായി സമർപ്പിക്കാവുന്നതാണ്.

---

സെക്ഷൻ ഓഫീസർ